# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -647 30.07.2015-ൽ മറുപടിക്ക്

### കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിന് നടപടികൾ

**ചോദ്യം**

ശ്രീ. ഡൊമനിക് പ്രസന്റേഷൻ

" അൻവർ സാദത്ത്

" ആർ. സെൽവരാജ്

" പി.സി. വിഷ്ണുനാഥ്

**ഉത്തരം**

ശ്രീ.കെ.എം.മാണി

ബഹു: ധനകാര്യവും നിയമവും

ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | നിയമപരിഷ്ക്കരണ നടപടികളുടെ ഭാഗമായി ശ്രീ.കെ.എം. മാണി (മുൻ റവന്യൂവും നിയമവകുപ്പും മന്ത്രി എന്ന നിലയിൽ) അദ്ധ്യക്ഷനായും ജസ്റ്റിസ്. വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായും വ്യത്യസ്ത നിയമപരിഷ്ക്കരണ കമ്മീഷനുകളെ വിവിധ കാലയളവിൽ സർക്കാർ നിയമിച്ചിരുന്നു. ഇതിൽ ശ്രീ.കെ.എം. മാണി അദ്ധ്യക്ഷനായുള്ള നിയമപരിഷ്ക്കരണ കമ്മീഷൻ കാലഹരണപ്പെട്ടതായി കണ്ടെത്തിയ 697 ആക്റ്റുകൾ 2005-ലെ The Kerala Repealing and Saving Ordinance (2005-ലെ 18) പ്രകാരം റദ്ദാക്കിയിട്ടുള്ളതാണ്. |

| | | |
|---|---|---|
| (ബി) | ഇതിനുവേണ്ടി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്ക്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ കാലഹരണപ്പെട്ടതായി കണ്ടെത്തിയ 107 ആക്റ്റുകളിൽ ബന്ധപ്പെട്ട ഭരണവകുപ്പുകൾ റദ്ദാക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ട 5 ആക്റ്റുകൾ ഒഴികെയുള്ള 102 ആക്റ്റുകൾ റദ്ദാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (സി) | എങ്കിൽ നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ? | The Kerala Repealing and Saving Bill-ന്റെ കരട് തയ്യാറാക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. |

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ